## ദൈവകൃപ

**I. നാം ദൈവകൃപ അറിയുകയും അനുഭവമാക്കുകയും ആസ്വദിക്കുകയും വേണം**

- നമ്മുടെ ആസ്വാദനത്തിനായി നമുക്ക് ദൈവം താൻ ആയിരിക്കുന്നതാണ് കൃപ
- കൃപ പ്രധാനമായും ദൈവം നമുക്കുവേണ്ടി ചെയ്യുന്ന പ്രവൃത്തിയല്ല; നമ്മുടെ ആളത്തത്തിലേക്ക് പകരപ്പെടുകയും നമ്മുടെ ആസ്വാദനമായി അനുഭവമാക്കുന്നതുമായ ത്രിയേക ദൈവം തന്നെയാണ് കൃപ.
- കൃപ യേശു ക്രിസ്തു മുഖാന്തരം വന്നു (യോഹ. 1:17); ഇത് സൂചിപ്പിക്കുന്നത് കൃപ ഒരു വ്യക്തിയാകുന്നു എന്നാണ്.
- നമ്മളാൽ ദൈവം ആസ്വദിക്കപ്പെടുന്നതാണ് കൃപ.
- കൃപ എന്നത് കേവലം ക്രിസ്തു താൻതന്നെയല്ല; ക്രിസ്തു നീങ്ങുന്നതും, ക്രിസ്തു പ്രവർത്തിക്കുന്നതും, ക്രിസ്തു വാഴുന്നതും, ക്രിസ്തു ബോധ്യപ്പെടുത്തുന്നതും, ക്രിസ്തു കീഴപ്പെടുത്തുന്നതും, ക്രിസ്തു രക്ഷിക്കുന്നതും, ക്രിസ്തു ഉയർത്തുന്നതും കൂടിയാണ്
  - **കൃപയുടെ വ്യത്യസ്ത വശങ്ങൾ:** വലിയ കൃപ / ദൃശ്യമായ കൃപ / നമ്മെ രക്ഷിക്കുന്ന കൃപ / നമ്മെ ശക്തിപ്പെടുത്തുന്ന കൃപ / ചൊരിയപ്പെട്ട കൃപ / യഥാർഥ കൃപ / ദൈവകൃപയ്ക്ക് ഭരമേൽപ്പിക്കപ്പെടുന്നു / കൃപയുടെ പ്രവർത്തനം / തക്കസമയത്ത് സഹായത്തിനായുള്ള കൃപ / സമൃദ്ധമായ, വാഴുന്ന കൃപ / അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടു / കൃപ എങ്ങനെ സ്വീകരിക്കാം / കൃപയ്ക്കൊത്തവണ്ണമുള്ള വരങ്ങൾ / പര്യാപ്തമായ കൃപ / കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ / നമ്മുടെ ആത്മാവോടുകൂടെയുള്ള കൃപ / “കർത്താവായ യേശുവിന്റെ കൃപ സകല വിശുദ്ധന്മാരോടും കൂടെ ഇരിക്കട്ടെ. ആമേൻ”

- **ക്രിസ്തുവിലുള്ള വിശ്വാസികൾ എന്ന നിലയിൽ, പുതിയനിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ നാം കർത്താവിന്റെ കൃപ അനുഭവമാക്കണം:**
  - കർത്താവിന്റെ അത്യന്തം സമൃദ്ധമായ കൃപയിലൂടെ വിശ്വാസവും സ്നേഹവും ഉണ്ടായിരിക്കുന്നു
  - കൃപയിൽ പ്രവേശനം നേടുകയും അതിൽ നിൽക്കുകയും ചെയ്യുന്നു
  - കൃപയിൽ നിത്യാശ്വാസവും നല്ല പ്രത്യാശയും ആസ്വദിക്കുന്നു
  - തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാൻ കൃപയുടെ സിംഹാസനത്തിലേക്ക് ധൈര്യത്തോടെ മുമ്പോട്ടുവരുന്നു
  - ദൈവത്തിന്റെ സകല കൃപയുടെയും വർധിച്ചുവരുന്ന സഹായം പ്രാപിക്കുന്നു
  - താഴ്മയുള്ളവരായിരിക്കുന്നതിലൂടെ ദൈവത്തിന്റെ പെരുകുന്ന കൃപ നിരന്തരം ആസ്വദിക്കുന്നു
  - താഴ്മയുള്ളവരായിരിക്കുന്നതിലൂടെ ദൈവത്തിന്റെ വലിയ കൃപ ആസ്വദിക്കുന്നു
  - നമ്മുടെ ബലഹീനതയിൽ, കർത്താവിന്റെ മതിയായ കൃപയുടെ, ക്രിസ്തുവിന്റെ നിഴലിടുന്ന ശക്തിയുടെ തികവിനെ അനുഭവമാക്കുന്നു
  - കഷ്ടമനുഭവിച്ചശേഷം ദൈവത്തിന്റെ സകല കൃപയാലും തികവ് പ്രാപിക്കുകയും, ഉറപ്പിക്കപ്പെടുകയും, ബലപ്പെടുകയും, അടിസ്ഥാനപ്പെടുകയും ചെയ്യുന്നു
  - അവനാൽ ഭരമേല്പിക്കപ്പെട്ട ദൈവകൃപയുടെ കാര്യവിചാരകത്വം നിർവഹിക്കുന്നു—അതായത്, ക്രിസ്തുവിന്റെ ധനത്തെ ദൈവത്തിന്റെ കൃപയായി ജനത്തിലേക്ക് പകരുന്നു
  - നമ്മുടെ ജീവിതത്തിൽ, കെട്ടുപണിയുടെ വാക്കുകൾ സംസാരിക്കുകയും അങ്ങനെ ജനത്തിന് കൃപ നൽകുകയും ചെയ്യുന്നു
  - കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി സ്വീകരിച്ചുകൊണ്ട് ജീവനിൽ വാഴുന്നു—കൃപ നിത്യജീവങ്കലേക്ക് വാഴുന്നു
  - എല്ലാ വിശ്വാസികൾക്കും അവരുടെ മേൽ കൃപ ലഭിക്കുകയും സഭ പണിയപ്പെടുകയും ചെയ്യുന്നു; വിശ്വാസികൾക്ക് ലഭിക്കുന്ന കൃപ ദൃശ്യമാകുന്നു

## പ്രവൃത്തികളുടെ പുസ്തകത്തിലെ കൃപ

**II. പ്രവൃത്തികളുടെ പുസ്തകത്തിലെ കൃപ നാം കാണേണ്ടതുണ്ട്**

- “എല്ലാവരുടെയുംമേൽ വലിയ കൃപയും ഉണ്ടായിരുന്നു”—4:33
  - ഈ കൃപ, നീങ്ങുന്നവനും ബോധ്യപ്പെടുത്തുന്നവനും കീഴ്പ്പെടുത്തുന്നവനും വിടുവിക്കുന്നവനും ഉയർത്തുന്നവനും അതീതനുമായ ജീവനുള്ള യേശുവാണ്.
  - "അവൻ [ബർന്നബാസ്] വന്ന് ദൈവകൃപ കണ്ടു"
- “ദൈവകൃപയിൽ നിലനിൽക്കുവാൻ”—13:43
  - ദൈവകൃപ ലഭിച്ചതിനാൽ, നാം ഇപ്പോൾ അതിൽ തുടരേണ്ടതുണ്ട്
- “തന്റെ കൃപയുടെ വചനത്തെ”—14:3
  - അവന്റെ കൃപയുടെ വചനം എന്ന പ്രയോഗം ചില യുഗപരമായ കാര്യങ്ങളെ സൂചിപ്പിക്കുന്നു; അത് ന്യായപ്രമാണത്തെ പകരം വയ്ക്കുന്നു
- “തങ്ങളെ ദൈവകൃപയ്ക്കു ഭരമേല്പിച്ചു”—വാ. 26
  - നമുക്ക് ജീവനും സകലവുമായിത്തീരുന്ന ത്രിയേക ദൈവമാണ് കൃപ.
- “കൃപയിലൂടെ അവർ രക്ഷിക്കപ്പെട്ട അതേ രീതി"—15:11
  - ഈ കൃപയിൽ കർത്താവെന്ന വ്യക്തിയും അവന്റെ വീണ്ടെടുപ്പിൻ വേലയും ഉൾപ്പെടുന്നു
- "പൗലൊസ് ശീലാസിനെ തിരഞ്ഞെടുത്ത്, സഹോദരന്മാരാൽ കർത്താവിന്റെ കൃപയ്ക്ക് ഭരമേല്പിക്കപ്പെട്ടിട്ട് പുറപ്പെട്ടുപോയി"—പ്രവൃ. 15:40:
  - പൗലൊസിനെ കർത്താവിന്റെ കൃപയ്ക്ക് ഭരമേല്പിച്ചു എന്ന വസ്തുത സൂചിപ്പിക്കുന്നത്, അവൻ ശരിയായ വഴി എടുത്തു എന്നാണ്
- “നിങ്ങളെ കെട്ടുപണി ചെയ്യുവാനും വിശുദ്ധീകരിക്കപ്പെട്ട എല്ലാവരുടെയും ഇടയിലുള്ള അവകാശം നിങ്ങൾക്ക് നൽകുവാനും കഴിയുന്ന അവന്റെ കൃപയുടെ വചനത്തിനും ഭരമേല്പിക്കുന്നു”—20:32
  - സമൃദ്ധമായ കൃപയുടെ വചനം വിശുദ്ധന്മാരെ കെട്ടുപണി ചെയ്യുവാൻ ഉതകുന്നതാണ്